തിരുവനന്തപുരം നഗരത്തിൽ ഡബിൾഡക്കർ ബസ് സർവ്വീസ്

163 (1891) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ സർവ്വീസ് നടത്തുന്നതിനായി ഡബിൾഡക്കർ ബസ് വാങ്ങുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ ഇന്നത്തെ അവസ്ഥ അറിയിക്കുമോ ;

(സി) മുമ്പ് ഡബിൾഡക്കർ ബസ് സർവ്വീസ് ഉണ്ടായിരുന്ന ശാസ്തമംഗല ത്തേക്ക് പുതിയ ഡബിൾഡക്കർ സർവ്വീസ് നടത്തുന്നതിന് അനുവദിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓർഡർ പ്രകാരമുള്ള ഡബിൾഡക്കർ ബസ്സുകൾ 12-2-2011-ൽ ലഭിക്കുകയുണ്ടായി. ഇവയുടെ രജിസ്ട്രേഷൻ സംബന്ധമായ നടപടികൾ നടന്നുവരുന്നു.

(സി) ഡബിൾഡക്കർ സർവ്വീസ് നടത്തേണ്ട റൂട്ട് ഇതുവരെയും തീരുമാനിച്ചിട്ടില്ല.

ശബ്ദമലിനീകരണം ഉണ്ടാക്കുന്ന ഹോൺ ഉപയോഗിക്കുന്നതിനെതിരെ നടപടി

164 (1892) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുടനീളം മോട്ടോർ വാഹനങ്ങളിൽ നിശ്ചിത ഡെസിബലിൽ കൂടുതൽ ശബ്ദം പുറപ്പെടുവിക്കുന്ന ഹോൺ ഫിറ്റ് ചെയ്ത് പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹനങ്ങളിലെ ഹോണിന്റെ ശബ്ദം അളക്കാൻ ഇപ്പോൾ നിലവിലുള്ള സംവിധാനമെന്താണ് ; അനുവദനീയമായ അളവ് എത്രയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ശബ്ദശല്യമുണ്ടാക്കുന്ന ഹോൺ ഉപയോഗിക്കുന്ന വാഹന ഉടമകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ;

(ഡി) യാത്രക്കാരെ പുറത്തുനിന്നു കാണത്തക്കവിധമുള്ള ഗ്ലാസ്സുകൾ മാത്രമേ വാഹനങ്ങളിൽ ഉപയോഗിക്കാവൂ എന്ന നിയമ വ്യവസ്ഥയിൽ ഏതെങ്കിലും വിഭാഗത്തിന് ഇളവുനൽകിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഇളവ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സുരക്ഷാപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത നിയന്ത്രണം, നിയമം നടപ്പാക്കേണ്ട ഉദ്യോഗസ്ഥർതന്നെ ലംഘിക്കുന്നകാര്യം ഗൗരവപൂർവ്വം വീക്ഷിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചട്ടപ്രകാരം അനുവദനീയമായതിലും കൂടുതൽ ശബ്ദതീവ്രതയുള്ള ഹോണുകൾ ഫിറ്റ് ചെയ്തിട്ടുള്ള വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കുലറുകളിലൂടെയും അല്ലാതെയും നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വാഹന പരിശോധന സമയത്തും സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ടെസ്റ്റ് സമയത്തും ഇത്തരത്തിലുള്ള ഹോണുകൾ ഘടിപ്പിച്ചിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്.

(ബി) വാഹനങ്ങളിലെ ഹോണിന്റെ ശബ്ദം അളക്കാൻ മോട്ടോർ വാഹന വകുപ്പിൽ നിലവിൽ സംവിധാനങ്ങൾ ഒന്നും തന്നെയില്ല. ഐ.എസ്. 1884: 1993-ൽ 1994 മെയ് മാസത്തിൽ വരുത്തിയ ഭേദഗതി നമ്പർ 1 പ്രകാരം വ്യത്യസ്ത വിഭാഗം വാഹനങ്ങളിൽ അനുവദനീയ ഹോണിന്റെ പരിധി ചുവടെ ചേർക്കുന്നു.:

(എ)	മാഗ്നറ്റോ സിസ്റ്റം ഘടിപ്പിച്ചിട്ടുള്ള മോപ്പഡുകൾ, സ്കൂട്ടർ, മോട്ടോർ സൈക്കിളുകൾ	85 ഡെസിബൽ
(ബി)	സ്റ്റോറേജ് ബാറ്ററി ഉപയോഗിക്കുന്ന ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ	90 ഡെസിബൽ
(സി)	സ്റ്റോറേജ് ബാറ്ററി ഉപയോഗിക്കുന്ന പാസഞ്ചർ കാറുകളും കൊമേഴ്സ്യൽ വാഹനങ്ങളും	100 ഡെസിബൽ
(ഡി)	വിൻഡ് ടോൺ അടിസ്ഥാനപ്പെടുത്തി യിട്ടുള്ള ഹോണുകൾ ഉപയോഗിക്കുന്ന പാസഞ്ചർ കാറുകളും കൊമേഴ്സ്യൽ വാഹനങ്ങളും	105 ഡെസിബൽ

LIBRARY ARCHIVES Kerala Legislative Assembly

(സി) ശബ്ദശല്യമുണ്ടാക്കുന്ന ഹോൺ ഉപയോഗിക്കുന്ന വാഹന ഉടമകൾക്കെതിരെ ചട്ടപ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഇളവുനൽകിയിട്ടില്ല.

(ഇ) നിയമം നടപ്പാക്കേണ്ട ഉദ്യോഗസ്ഥർ പ്രസ്തുത ചട്ടം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം നടപടികൾ സ്വീകരിക്കുന്നതാണ്.

അന്തർ സംസ്ഥാന റൂട്ടുകളിലെ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ

165 (1893) ശ്രീ. എം. എ. വാഹീദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഏതൊക്കെ അയൽസംസ്ഥാനങ്ങളിലേക്കാണ് ഇപ്പോൾ അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നത് എന്ന് വിശദമാക്കുമോ ;

(ബി) തമിഴ്നാട്ടിലേക്ക് നടത്തിയിരുന്ന ഏതൊക്കെ അന്തർസംസ്ഥാന സർവ്വീസുകളാണ് നിർത്തലാക്കിയത് ;

(സി) ഇത്തരം സർവ്വീസുകളുടെ ദൈർഘ്യം കുറയ്ക്കുകയോ നിർത്തൽ ചെയ്യുകയോ ചെയ്യുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെ ;

(ഡി) ഈ റൂട്ടുകളിൽ ഇപ്പോഴും തമിഴ്നാട് ട്രാൻസ്പോർട്ട് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ ;

(ഇ) ഇത്തരത്തിൽ തമിഴ്നാട് ട്രാൻസ്പോർട്ട് സർവ്വീസ് നടത്തുന്ന അന്തർസംസ്ഥാന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേക്കും.

(ബി) അരുമന, കുളച്ചൽ, തേങ്ങാപട്ടണം, പേച്ചിപ്പാറ, മണവാളകുറിച്ചി, അംബാസമുദ്രം.

(സി) തമിഴ്നാട്ടിലെ വിവിധ കോർപ്പറേഷനുകൾ ഈ പ്രദേശങ്ങളിൽ നിന്നും കളിയിക്കാവിളവരെ കൂടുതൽ സർവ്വീസ് നടത്തുന്നതുകൊണ്ടും, സമാന്തര സർവ്വീസുകളുടെ ബാഹുല്യംമൂലവും കെ.എസ്.ആർ.ടി.സി സർവ്വീസുകൾക്ക് വരുമാനം കുറഞ്ഞതുകൊണ്ടാണ് നിലവിലുള്ള കാരറുകളിൽ ടി സർവ്വീസുകൾ ഒഴിവാക്കി നാഗർകോവിൽ മേഖല പ്രത്യേകമായി കേന്ദ്രീകരിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ ഈ ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly